മഹാത്മാഗാന്ധി സർവ്വകലാശാലാ സ്റ്റുഡൻറ്സ് കൗൺസിൽ, സെനറ്റിലെ വിദ്യാർത്ഥി പ്രതിനിധികളുടെ മണ്ഡലം എന്നിവയിലേക്കുള്ള തെരഞ്ഞെടുപ്പുകൾ

മുൻഗണനാ വോട്ടിങ് സമ്പ്രദായം സംബന്ധിച്ച്

വോട്ടർമാർ അറിഞ്ഞിരിക്കേണ്ട വസ്തുതകളും പാലിക്കേണ്ട നിർദ്ദേശങ്ങളും

01. മഹത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985 അദ്ധ്യായം 4 സെക്ഷൻ 29 (2) 'ഇലക്റ്റഡ് മെംബേർസ്' (a) പ്രകാരം **സർവ്വകലാശാലാ ജനറൽ കൗൺസിലിലെ അംഗങ്ങളിൽ നിന്നും** അവർ തന്നെ തെരഞ്ഞെടുക്കുന്ന നിലവിൽ സർവ്വകലാശാലാ സെനറ്റംഗമൊ സർവ്വകലാശാലാ അക്കാദമിക് കൗൺസിൽ അംഗമൊ അല്ലാത്ത 15 വിദ്യാർത്ഥികളെയാണ് (5 പേർ വിദ്യാർത്ഥിനികളും, 2 പേർ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളും ആയിരിക്കണം) സർവ്വകലാശാലാ **സ്റ്റുഡൻറ്സ് കൗൺസിലിലേക്ക്** തെരഞ്ഞെടുക്കപ്പെടേണ്ടത്.

02. മഹത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985 അദ്ധ്യായം 4 സെക്ഷൻ 17 'ഇലക്റ്റഡ് മെംബേർസ്' (12) പ്രകാരം **സർവ്വകലശാലയിലെ മുഴുവൻ സമയ വിദ്യാർത്ഥികളിൽ നിന്നും** സർവ്വകലാശാലാ ജനറൽ കൗൺസിൽ അംഗങ്ങൾ തെരഞ്ഞെടുക്കുന്ന 15 വിദ്യാർത്ഥികളെയാണ് (ഒരാൾ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയും, ഒരാൾ ഗവേഷണ വിദ്യാർത്ഥിയും, ഒരാൾ പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥിയും, അഞ്ച് പേർ വിദ്യാർത്ഥിനികളും, ഒരാൾ പട്ടികജാതി വിദ്യാർത്ഥിയും, ഒരാൾ പട്ടികവർഗ്ഗ വിദ്യാർത്ഥിയും ആയിരിക്കണം) സർവ്വകലാശാലാ **സെനറ്റിലേക്ക്** തെരഞ്ഞെടുക്കപ്പെടേണ്ടത്.

03. മേൽ പരാമർശിച്ചിരിക്കുന്ന രണ്ട് തെരഞ്ഞെടുപ്പുകളിലും സർവ്വകലാശാലാ ആക്ട് 1985 അദ്ധ്യായം 6 സെക്ഷൻ 43 അനുശാസിക്കും പ്രകാരം **ആനുപാതിക പ്രാതിനിധ്യ രീതിയാണ്** (Proportional Representation) അവലംബിക്കേണ്ടത് എന്നതിനാൽ **മുൻഗണനാ വോട്ടിങ് സമ്പ്രദായമാണ്** (Preferential Voting System) അനുവർത്തിക്കേണ്ടത്.

04. പ്രസ്തുത തെരഞ്ഞെടുപ്പുകളുടെ **സമ്മതിദായകർ** സർവ്വകലാശാലാ ജനറൽ കൗൺസിൽ (2022 – 23) – ലെ അംഗങ്ങൾ ആണ്.

05. മുൻഗണനാ വോട്ടിങ് സമ്പ്രദായപ്രകാരം സമ്മതിദായകർ ഓരോ സ്ഥാനാർത്ഥിക്ക് വേണ്ടിയും തങ്ങളുടെ വോട്ട് മുൻഗണനാക്രമത്തിൽ 1,2,3... എന്നിങ്ങനെ സ്ഥാനാർത്ഥികളുടെ പേരിന് നേരെ അടയാളപ്പെടുത്തേണ്ടതാണ്.

06. മുൻഗണനാക്രമം രേഖപ്പെടുത്തുന്നതിനായി **അറബി അക്കങ്ങളായ 1,2,3....**എന്നിവ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. റോമൻ അക്കങ്ങളോ (I,II,III..), ക്രോസ് (X), ടിക് (✓) മുതലായ അടയാളങ്ങളോ രേഖപ്പെടുത്തുവാൻ പാടുള്ളതല്ല.

07. ക്രമം മുറിഞ്ഞ് മുൻഗണന അടയാളപ്പെടുത്തിയിട്ടുള്ള ബാലറ്റ് പേപ്പറുകളിൽ ക്രമം മുറിഞ്ഞത് വരെയുള്ള മുൻഗണനകൾ മാത്രമാണ് സ്വീകരിക്കപ്പെടുക. ശേഷിച്ച അടയാളപ്പെടുത്തലുകൾ മുൻഗണനാ വോട്ടുകളായി പരിഗണിക്കപ്പെടുന്നതല്ല.

08. സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട്സ് 1997 അദ്ധ്യായം 44 വകുപ്പ് 51 പ്രകാരം താഴെ പറയുന്ന സന്ദർഭങ്ങളിൽ ബാലറ്റ് പേപ്പറുകൾ തിരസ്കരിക്കപ്പെടുന്നതാണ്:

(ക) വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പറിൽ വരണാധികാരിയുടെയൊ ഉപവരണാധികാരിയുടെയൊ കൈയ്യൊപ്പ് ഇല്ലാത്ത പക്ഷം.
(ഖ) തന്നെ തിരിച്ചറിയത്തക്ക രീതിയിൽ ഒരു സമ്മതിദായകൻ ബാലറ്റ് പേപ്പറിൽ ഒപ്പ് ചാർത്തുകയൊ, ഏതെങ്കിലും വാക്ക് എഴുതുകയൊ, എന്തെങ്കിലും തരത്തിലുള്ള അടയാളം ഇടുകയൊ ചെയ്യുന്ന പക്ഷം.
(ഗ) ഒന്നാം മുൻഗണനയുടെ പ്രതീകമായ '1' എന്ന അക്കം ഒരു സ്ഥാനാർത്ഥിക്ക് വേണ്ടിയും അടയാളപ്പെടുത്താത്ത പക്ഷം
(ഘ) ഒന്നിലധികം സ്ഥാനാർത്ഥികൾക്ക് ഒരേ മുൻഗണന നൽകിയിരിക്കുന്ന പക്ഷം; അല്ലെങ്കിൽ സമ്മതിദായകൻ ഉദ്ദേശിക്കുന്ന മുൻഗണനാക്രമം വ്യക്തമാകാത്ത രീതിയിൽ അക്കങ്ങൾ അടയാളപ്പെടുത്തിയിരിക്കുന്ന പക്ഷം.
(ങ) ഒരു സ്ഥാനാർത്ഥിയുടെ പേരിന് നേരെ ഒന്നിലധികം മുൻഗണനാ അക്കങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന പക്ഷം.

09. മേൽ പരാമർശിച്ചിരിക്കുന്ന രണ്ട് തെരഞ്ഞെടുപ്പുകളുടേയും സമ്മതിദായകർ സർവ്വകലാശാലാ ജനറൽ കൗൺസിൽ (2022 – 23) – ലെ അംഗങ്ങൾ തന്നെ ആയതിനാൽ വോട്ട് ചെയ്യാൻ ആഗ്രഹിക്കുന്ന സമ്മതിദായകർ തെരഞ്ഞെടുപ്പ് ദിവസം സർവ്വകലാശാലാ യൂണിയൻ 2022 – 23 തെരഞ്ഞെടുപ്പിനായി ജനറൽ കൗൺസിൽ അംഗങ്ങൾക്ക് നൽകിയിരുന്ന തിരിച്ചറിയൽ കാർഡുകൾ പോളിംഗ് ഉദ്യോഗസ്ഥരുടെ മുൻപിൽ ഹാജരാക്കേണ്ടതാണ്. മേൽ പറഞ്ഞ തിരിച്ചറിയൽ കാർഡ് ഹാജരാക്കാത്ത ആരെയും വോട്ട് രേഖപ്പെടുത്തുവാൻ അനുവദിക്കുന്നതല്ല.

10. തിരിച്ചറിയൽ കാർഡുകൾ നഷ്ടപ്പെട്ട സമ്മതിദായകർ അതത് കോളേജ് പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രം , സർവ്വകലാശാല നിശ്ചയിച്ച ഫീസ് (150 /-) അടച്ച റെസിപ്റ് എന്നിവ സഹിതം തെരഞ്ഞെടുപ്പ് വരണാധികാരി മുൻപാകെ അപേക്ഷിക്കുന്ന പക്ഷം ഡ്യൂപ്ലിക്കേറ്റ് തിരിച്ചറിയൽ കാർഡുകൾ നൽകുന്നതാണ്. എന്നാൽ ഡ്യൂപ്ലിക്കേറ്റ് തിരിച്ചറിയൽ കാർഡുകൾ കൈപ്പറ്റിയ സമ്മതിദായകരുടെ ഒറിജിനൽ കാർഡുകളുടെ സാധുത അതോടെ നഷ്ടപ്പെടുന്നതും അവ പോളിംഗ് ആവശ്യത്തിനായി അസ്വീകാര്യമായിരിക്കുന്നതുമാണ്.

11. **വോട്ടെടുപ്പ് ദിവസമായ 08.08.2024 ന് ഡ്യൂപ്ലിക്കേറ്റ് തിരിച്ചറിയൽ കാർഡിനുള്ള അപേക്ഷകൾ സ്വീകരിക്കുകയോ കാർഡുകൾ നൽക്കുകയോ ചെയ്യുന്നതല്ല.**

12. സർവ്വകലാശാലാ ആക്ട് 1985 വകുപ്പ് 17 " തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ " ഉപവകുപ്പ് 12, സർവ്വകലാശാല ആക്ട് 1985 വകുപ്പ് 29(2) "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ " ഉപവകുപ്പ് (a) , സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട് 1997 അദ്ധ്യായം 44 എന്നിവ പ്രകാരമാണ് ടി തെരഞ്ഞെടുപ്പുകൾ നടക്കുന്നത്.

18.07.2024

പി.ഡി. ഹിൽസ്

വരണാധികാരി